# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലായ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: 16/1740/2023 നം.കെ.എസ്.എ-(പികെഡി) പി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലായ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 16/1740/2023 തീയ്യതി: 04/12/2023

## പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-02-2023 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 19-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-10-2023 | 19-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)

ശ്രീമതി.എം.എസ്.താരീഖ്,സീനി.ഗ്രേഡ്.ഓഡിറ്റർ

ശ്രീമതി.വി.ആർ.ഷീജ,സീനി.ഗ്രേഡ്.ഓഡിറ്റർ

ശ്രീ.കെ.എ.മോഹനൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജേഷ് കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സി.വി.പൗലോസ് | സെക്രട്ടറി | 01-04-2022 | 10-10-2022 |

| | | | |
|---|---|---|---|
| ശ്രീ.വി.ശ്രീകാന്ത് | സെക്രട്ടറി | 11-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനുശ്രീ.സി.കെ | കൃഷി ഓഫീസർ | 01-04-2022 | 11-04-2022 |
| ശ്രീമതി.ദീപ .യു.വി | കൃഷി ഓഫീസർ | 12-04-2022 | 08-12-2022 |
| ശ്രീമതി.അനുശ്രീ.സി.കെ | കൃഷി ഓഫീസർ | 09-12-2022 | 31-03-2023 |
| ശ്രീമതി.ഉഷ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി.ജസ്ന എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 12-02-2023 |
| ശ്രീമതി.ഉഷ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-02-2023 | 31-03-2023 |
| ഡോ. പ്രമോദ് .വി.എസ് | വെറ്ററിനറി സർജൻ | 01-04-2022 | 27-09-2022 |
| ഒഴിവ് | വെറ്ററിനറി സർജൻ | 28-09-2022 | 30-09-2022 |
| ഡോ. റഹീന കൗലത്ത് പി | വെറ്ററിനറി സർജൻ | 01-10-2022 | 31-03-2023 |
| ഡോ. ടീന മറിയ ജോസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. രമ്യ കെ.ആർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 15-06-2022 |
| ഡോ.കൃഷ്ണകുമാർ എച്ച് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 16-06-2022 | 31-03-2023 |
| ശ്രീ മനോജ്.വൈ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 23-08-2022 |
| ശ്രീമതി.സരിത ടി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24-08-2022 | 31-03-2023 |
| ശ്രീമതി.ഗ്രീഷ്മ കെ.സി | അസി.എഞ്ചിനീയർ | 01-04-2022 | 27-05-2022 |
| ശ്രീമതി.അയിഷാബി | അസി.എഞ്ചിനീയർ | 28-05-2022 | 26-07-2022 |
| ഒഴിവ് | അസി.എഞ്ചിനീയർ | 27-07-2022 | 02-08-2022 |
| ശ്രീമതി.നിത്യാ രാജ് | അസി.എഞ്ചിനീയർ | 03-08-2022 | 31-03-2023 |
| ശ്രീ.സുരേഷ്കുമാർ എ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 25-11-2022 |
| ശ്രീമതി.പ്രസന്ന ടി.കെ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 26-11-2022 | 31-03-2023 |
| ശ്രീമതി.സോഫിയ ആർ | അസി.സെക്രട്ടറി | 01-04-2022 | 28-04-2022 |
| ഒഴിവ് | അസി.സെക്രട്ടറി | 29-04-2022 | 29-05-2022 |
| ശ്രീമതി.സോഫിയ ആർ | അസി.സെക്രട്ടറി | 30-05-2022 | 22-10-2022 |
| ഒഴിവ് | അസി.സെക്രട്ടറി | 23-10-2022 | 06-11-2022 |
| ശ്രീ.എ.എം.സനിൽ കുമാർ | അസി.സെക്രട്ടറി | 07-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | തേയ്മാനം കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ല | 1-1-2 |
| 4 | വിവിധ രജിസ്റ്ററുകൾ അപാകതകൾ | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ–അപൂർണ്ണം | 1-1-5 |
| 7 | ഗുണഭോക്തൃവിഹിതം- തിരികെ നൽകിയിട്ടില്ല | 1-1-6 |
| 8 | തൊഴിലുറപ്പ് -എ എഫ് എസ്സ പ്രകാരം തൊഴിലാളികളുടെ വേതന തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | വസ്തു നികുതി പരിഷ്കരണം - അവലോകനം | 1-11 |
| 19 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല | 1-12 |
| 20 | തൊഴിൽ നികുതി-അവലോകനം | 1-13 |
| 21 | പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 22 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – അപാകതകൾ | 1-15 |
| 23 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 1-16 |
| 24 | അങ്കണവാടി സ്മാർട്ട് ആക്കൽ പദ്ധതി - ടി.വി വാങ്ങിയത് പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുന്നു | 1-17 |
| 25 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 26 | വിവിധ അംഗണവാടി കെട്ടിട നിർമ്മാണത്തിന് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 27 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല | 1-20 |
| 28 | ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-21 |
| 29 | ആശ്രയ-നിഷ്ക്രിയമായി തുടരുന്ന തുക തിരികെ അടവാക്കിയിട്ടില്ല | 1-22 |
| 30 | പെൻഷൻ അപാകതകൾ | 1-23 |
| 31 | സമഗ്ര മാലിന്യ നിർമ്മാർജ്ജനം - പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കേണ്ടതാണ് | 1-24 |
| 32 | അടുക്കള മുറ്റത്ത് കോഴി വളർത്തൽ പദ്ധതി - മോണിറ്ററിംഗ് നടത്തിയിട്ടില്ല | 1-25 |
| 33 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി - മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചു | 1-26 |
| 34 | തെരുവ് വിളക്ക് പരിപാലനം | 1-27 |
| 35 | വനിതകളുടെ ജിംനേഷ്യം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-28 |
| 36 | എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-29 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11/26-06-2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **നെല്ലായ ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, **നെല്ലായ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

സ്ഥലം: പാലക്കാട്

തീയതി: -04-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ,എഫ്)

**1-1-2 തേയ്മാനം കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമാക്കിയിട്ടില്ല**

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**1-1-3 വിവിധ രജിസ്റ്ററുകൾ അപാകതകൾ**

ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്റർ , പെർമിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് തുകകൾ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-4 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല**

ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

**1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ-അപൂർണ്ണം**

പൂർണ്ണമായ രേഖപ്പെടുത്തൽ നടത്താതെയാണ് ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഡെപ്പോസിറ്റ് ലഭിച്ചത് സംബന്ധിച്ച രശീതി നമ്പർ/ തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുന്നിരിപ്പ് തുകകളുടെ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

**1-1-6 ഗുണഭോക്തൃവിഹിതം- തിരികെ നൽകിയിട്ടില്ല**

ഗുണഭോക്തൃ വിഹിതമിനത്തിൽ B4 ഷെഡ്യൂൾ അനുസരിച്ച് 13866/- രൂപ നീക്കിയിരിപ്പുണ്ട്. പദ്ധതികൾ നടപ്പാക്കാത്തപക്ഷം ഗുണഭോക്താക്കൾക്ക് ഇത് തിരികെ നല്കേണ്ടതായിരുന്നു. ഈ തുക പിന്നീട് ചെലവഴിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-1-7 തൊഴിലുറപ്പ് -എ എഫ് എസ്സ പ്രകാരം തൊഴിലാളികളുടെ വേതന തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2550 | 1431415 | 1433965 | 1430931 | 3034 |
| തൊഴിലാളി കളുടെ വേതനം | - | 22100314 | 22100314 | 22100314 | - |
| ആകെ | 2550 | 23531729 | 23534279 | 23531245 | 3034 |

എം ജി എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരം തൊഴിലാളികളുടെ വേതനം - 20671840.തൊഴിലാളികളുടെ വേതന തുക -എ എഫ് എസ്സ പ്രകാരം I-6, B-3 യിൽ കാണിച്ചിട്ടുള്ള തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

**1-2 ബജറ്റ്**

2022-23വർഷത്തെ ബജറ്റ് 26/03/2022 തീയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. വാർഷിക

ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം 3/07-03-2023). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 15733953 | 291635000 | 307368953 | 295486500 | 11882453 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24652295 |
| വരവ് | 60778036 |
| ആകെ | 85430331 |
| ചെലവ് | 53231145 |
| നീക്കിയിരിപ്പ് | 32199186 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 34648633 | 34648633 | 30513426 | 4135207 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8781367 | 8781367 | 7144511 | 1636856 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10566000 | 10566000 | 8282256 | 2283744 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 6395000 | 6395000 | 6316141 | 78859 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Treasury | 0 | 475116 | 475116 | 36050 | 439066 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Untied Bank | 110657 | 4091296 | 4201953 | 3103805 | 1098148 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied Treasury | 0 | 2651395 | 2651395 | 936998 | 1714397 |
| സെൻട്രൽ ഫിനാൻസ്കമ്മീഷൻ | 5030024 | 5740000 | 10770024 | 4648217 | 6121807 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് -Tied Bank | | | | | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ICDS | 664051 | 1822774 | 2486825 | 196678 | 2290147 |
| National Rural Health Mission (Health & Wellness ) | 0 | 207321 | 207321 | 88854 | 118467 |
| National Health Mission (Infrastructure-PHC) | 0 | 317727 | 317727 | 119006 | 168721 |
| Suchitwa Mission | 3285127 | 0 | 3285127 | 202394 | 3082733 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സംസ്ഥാന ലൈഫ് മിഷൻ ഗ്രാന്റ് | 59228 | 30000 | 89228 | 30000 | 59228 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 225 | 137386472 | 185 | 74798020 | 0 | 40 | 82.22 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 7270270 | 5850648 | 80.47 |
| വി.ഇ.ഒ | 11 | 11 | 36916395 | 15129672 | 40.98 |
| ICDS സൂപ്പർവൈസർ | 8 | 7 | 6119000 | 5098504 | 83.32 |
| സെക്രട്ടറി | 47 | 36 | 19036522 | 9053719 | 47.55 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 125 | 101 | 48389352 | 26434661 | 54.62 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 7 | 4182933 | 3686905 | 88.14 |
| മെഡിക്കൽ ഓഫീസർ-ISM | 3 | 3 | 1500000 | 1500000 | 100 |
| വെറ്ററിനറി സർജൻ | 6 | 5 | 8500000 | 3937000 | 46.31 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 9 | 6 | 4172000 | 3281911 | 78.66 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 1300000 | 825000 | 63.46 |
| ആകെ | 225 | 185 | 137386472 | 74798020 | 54.44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2550 | 1431415 | 1433965 | 1430931 | 3034 |
| തൊഴിലാളി കളുടെ വേതനം+മെറ്റീരിയൽവില | - | 22100314 | 22100314 | 22100314 | - |
| ആകെ | 2550 | 23531729 | 23534279 | 23531245 | 3034 |

MGNREGS ക്യാഷ് ബുക്ക് പ്രകാരം തൊഴിലാളികളുടെ വേതനം - 20671840.തൊഴിലാളികളുടെ വേതന തുക -എ എഫ് എസ് ലെ I-6 , B-3 എന്നിവയിൽ കാണിച്ചിട്ടുള്ള തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. I 14(C) പ്രകാരമുള്ള ചെലവ് 19422073/- രൂപയാണ്. I 14(F)പ്രകാരമുള്ള ചെലവ് 1430931/- രൂപയാണ്. I 14(C) + I 14(F) പ്രകാരമുള്ള ആകെ ചെലവ് I 6+B3 ആയി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദമാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം( Active Pensioners) |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2,736000 | 237 |
| 3 | വിധവാ പെൻഷൻ | 15,867,400 | 1431 |
| 4 | വാർദ്ധക്യകാല പെൻഷൻ | 34,887,400 | 3250 |
| 5 | വികലാംഗ പെൻഷൻ | 66,88000 | 604 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1,233,000 | 109 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-10-2023 തീയതിയിൽ 2.40 P.m. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15930/- (പതിനഞ്ചായിരത്തി തൊള്ളായിരത്തി മുപ്പത്)രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ലോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല

8.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2023 ജനുവരി മാസത്തെ ഓഡിറ്റാണ് പെർഫോമൻസ് ഓഡിറ്റ് അവസാനമായി നടത്തിയത്. ഈ റിപ്പോർട്ട് പ്രകാരം ഖണ്ഡികകൾ ഒന്നും തീർപ്പാക്കാൻഅവശേഷിക്കുന്നില്ല.
2005-06മുതൽ 2009-10വരെയുള്ള കാലയളവിലെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ 03-04-2010 മുതൽ 17.04.2010 വരെയുള്ള തിയ്യതികളിലായി നടത്തിയിട്ടുണ്ട്. ഗുരുതരമായ പരാമർശങ്ങളില്ല.

## 1-11 വസ്തു നികുതി പരിഷ്കരണം - അവലോകനം

**വസ്തു നികുതി പരിഷ്കരണം- അന്തിമ വിജ്ഞാപനം നടത്തിയതിന്റെ വിവരങ്ങൾ**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽഎസ്ജിഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി

പ്രാഥമികമായി നിശ്ചയിച്ചുകൊണ്ട് 11.05.2023 തിയതിയിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈകൊണ്ടിരുന്നു. ആയത് പ്രകാരം പുതുക്കി നിശ്ചയിച്ച കരട് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ മാധ്യമങ്ങൾ മുഖേന പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 20.07.2023 തിയതിയിലെ 6(1)ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിച്ച പ്രകാരമുള്ള നിരക്കുകൾ തുടർന്നുള്ള ഓരോ വർഷവും 5% എന്ന നിരക്കിൽ 2027-28 വർഷം വരെ ക്രമാനുഗതമായ വർദ്ധനവ് വരുത്തുന്നതിനും കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. പുതുക്കിയ വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മേൽ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം.**

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. വിവരശേഖരണം നടത്തുന്നതിനായി 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ച് പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും വിവിധ കാരണങ്ങളാൽ ജോലിക്ക് ഹാജരാകാത്തതിനാൽ വിവര ശേഖരണം ആരംഭിച്ചിട്ടില്ല. കൂടുതൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുകയും ഡാറ്റാ പ്യൂരിഫിക്കേഷൻ അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 5% വർദ്ധവ് വരുത്തിയാണ് വസ്തുനികുതി ഈടാക്കി വരുന്നത്. 350 കെട്ടിട ഉടമകൾ സ്വമേധയാ 9ബി ഫോറങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 01.04.2023 ന് മുൻപ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ (ഫോം-6) വസ്തു നികുതി പരിഷ്ക്കരണത്തിനു മുൻപുള്ളതും ശേഷമുള്ളതും പ്രത്യേകമായി സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നുണ്ട്.

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) പിരിച്ചെടുക്കുന്നതിനുള്ള സാധ്യത ഭരണ സമിതി പരിശോധിച്ചിട്ടുണ്ടെങ്കിലും തീരുമാനം കൈകൊണ്ടിട്ടില്ല.
കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് സർവ്വീസ് ടാക്സ് ചുമത്തുവാൻ നിയമ ഭേദഗതി വന്നിട്ടുണ്ടെങ്കിലും ടി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയിട്ടില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിക്ക് പുന:പരിശോധിക്കാവുന്നതാണ്.

**1-12 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതിയും, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

(A) താഴെ പറയുന്ന സ്ഥാപനത്തിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മാരായമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധ വർഷം |

(B) ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 9/110, 113,114, 115 | ശ്രീകുമാരൻ. എസ്. | സിമന്റ് സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്ന കട |
| 2 | 18/357 | സുധീർകുമാർ. എ. | സിമന്റ് സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്ന കട |
| 3 | 18/281 | അലിയാർ | വെൽഡിംഗ് മെക്കാനിക്കൽ വർക്ക് ഷോപ്പ് |
| 4 | 4/576 | റിയാസ് അലി. എം. | ഇരുചക്ര വാഹനങ്ങളുടെ സ്പെയർ പാർട്സ് കട |
| 5 | 3/593 | സുരേഷ്. പി.എം. | ആയുർവ്വേദ മരുന്ന് സ്റ്റോക്ക് ചെയ്ത് വിൽപ്പന |
| 6 | 15/192 | സെക്രട്ടറി | ബീവിപ്പടി ക്ഷീരോത്പാദക സഹകരണ സംഘം |
| 7 | 2/159 | വേണുഗോപാലൻ | ബേക്കറി |

(C) പൊതു ഭരണ സമ്പ്രദായത്തിനു കീഴിൽ പ്രവർത്തിക്കുന്ന റേഷൻ കട ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം : 4/12-10-2023 ന് നൽകിയ മറുപടിയിൽ (A) മാരായമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, നെല്ലായ അഗ്രികൾച്ചർ ഇപ്രൂവ്മെന്റ് ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതിന് അധികൃതർക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. (നെല്ലായ അഗ്രികൾച്ചർ ഇപ്രൂവ്മെന്റ് ക്രെഡിറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഒന്നാം വർഷത്തെ സ്ഥാപന തൊഴിൽ നികുതി രസീതി നമ്പർ: 1230203414 തിയതി. 19-10-2023 പ്രകാരം അടവാക്കുകയും രസീത് പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. (B) (C) എന്നീ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി-അവലോകനം

### 1. തൊഴിൽ നികുതി - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

നെല്ലായ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 115 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്.

1(എ) വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

| | |
|---|---|
| ജീവനക്കാരുടെ തൊഴിൽ നികുതി | 785400 |
| സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി | 85220 |
| ആകെ | 870620 |

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

**എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

**ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരശേഖരണം**

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പെടേണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

**സി) ഡിമാന്റ് നോട്ടീസ് നൽകുന്നതിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല.

**ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

**ഇ) പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് (Presumptive Profession Tax) – നിശ്ചിത തുക ഈടാക്കുന്നതിന് നിയമ തടസ്സം**

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ.ഉ(അ)നം.143/2008 /തസ്വഭവ തിയതി 27-05-2008 പ്രകാരം അഭിഭാഷകർ, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാ മെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്കുള്ള തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രൊഫഷണലുകളെ കൂടാതെ സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു.

മേൽ ഉത്തരവനുസരിച്ച് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് നിയമ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തിയ നടപടിക്ക് നിയമപരമായ സാധുത നൽകേണ്ടതാണെന്ന് WP(C)നം.26260 Of 2008(A) നമ്പർ കേസിന്റെ 20-11-2009 ലെ വിധിയിൽ ബഹു.ഹൈക്കോടതി അഭിപ്രായപ്പെടുകയും ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. ആയതിനുശേഷം നാളിതുവരെ 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

നിലവിൽ, സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും അത്തരത്തിൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും വരവില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

തൊഴിൽ നികുതിയായി നിശ്ചിത തുക ഈടാക്കുവാൻ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ചട്ടങ്ങളിൽ ഭേദഗതി പരിഗണിക്കുമ്പോൾ പുതിയ സാഹചര്യം കൂടി കണക്കിലെടുത്ത് കൂടുതൽ സ്ഥാപനങ്ങളേയും വ്യക്തികളേയും പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്.

**എഫ്) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ**

I. അർദ്ധ വാർഷിക വരുമാനത്തിന്റെ പരമാവധി തുക

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ഓരോ സ്ലാബിലും ഈടാക്കാവുന്ന പരമാവധി തുകയാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറവ് തുക ഈടാക്കുന്നതിന് തടസ്സമില്ലെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പട്ടികയിലെ പരമാവധി തുക തന്നെയാണ് ഈടാക്കി വരുന്നത്.

II. ടേണോവർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും അർദ്ധവർഷത്തിൽ പരമാവധി തുകയായ 1250 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

കമ്പനികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സങ്കീർണ്ണതയില്ലാത്ത മറ്റേതെങ്കിലും മാനദണ്ഡം അവലംബിക്കാവുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് വിലയിരുത്തുന്നു.

**ജി) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ**

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

നിലവിലുള്ള പ്രായോഗിക പ്രശ്നങ്ങൾ തൊഴിൽ നികുതിയുടെ കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണെന്ന് വിലയിരുത്തുന്നു.

**എച്ച്) ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്**

ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

**ഐ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി പിരിവിന്മേൽ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടത്തുന്നുണ്ട്. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ

കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.
ഈ വിഷയത്തിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിച്ച് പരമാവധി നികുതി സ്വരൂപിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-14 പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു**

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ : (സി.എസ്) എ-9-764/2019 തിയതി. 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിലെ ആകെ റേഷൻ കടകളുടെ എണ്ണം, അവയ്ക്ക് ലൈസൻസ് എടുപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 12/16-10-2023 ന് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്നും അവയ്ക്ക് ലൈസൻസ് എടുക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, തുടർ നടപടികൾ സ്വീകരിച്ച് ലൈസൻസ് എടുക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക - അപാകതകൾ**

(എ) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 15 കടമുറികളിൽ 12 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ട്. റൂം നമ്പർ 12, 13 എന്നിവ സാമ്പത്തിക വർഷത്തിൽ ഒഴിഞ്ഞു കിടന്നു. റൂം നമ്പർ 9 ഉപയോഗ ശൂന്യമായതിനാൽ ലേലം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചു. (07-03-2023 ലെ 11/1 നം. ഭരണ സമിതി തീരുമാനം). റൂം നമ്പർ 12, 13 എന്നിവക്ക് 07-03-2023 തിയ്യതിയിൽ ലേലം ഉറപ്പിച്ചിട്ടുണ്ട്. വാടകക്കാരുമായുള്ള എഗ്രിമെന്റിൽ റൂം നമ്പർ 10 ലെ വാടകക്കാരൻ ശ്രീ. എം.ടി.ഫൈസൽ ഒഴികെ മറ്റാരും തന്നെ എഗ്രിമെന്റിൽ ഉള്ളടക്കം രേഖപ്പെടുത്തിയിട്ടില്ല.

(ബി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

(സി) വാടക ഇനത്തിലെ വാർഷിക കണക്കിലേയും, രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക ധനകാര്യ പത്രിക | Income & Expenditure | Receipts & Payment |
|---|---|---|
| | 262896 | 235154(കറന്റ്)<br>48943(അരിയർ) |

| രജിസ്റ്റർ | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| | 222120 | 237522 |

വാടക ഇനത്തിൽ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം തൻവർഷം 27,742/- രൂപയും, അരിയർ ആയി 41,166/-രൂപയും കുടിശ്ശികയുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 11/16-10-2023 ന് നൽകിയ മറുപടിയിൽ (A) വാടക്കാരുമായുള്ള കരാറുകളിൽ കൃത്യമായ ഉള്ളടക്കം രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും, (B) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണെന്നും, (C) AFS പ്രകാരം ഡിമാന്റ് തുക 262896/- ആണെന്നും, വനിതാ ജിംനേഷ്യം നടത്തുന്നതിന് നീക്കി വെച്ചിട്ടുള്ള 2 മുറികളുടെ അടിസ്ഥാന വാടകയായ 40776/- രൂപ കുറയ്ക്കാതെയുള്ള തുകയാണ് AFS ൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചത്. ആയതിനാൽ ശരിയായ ഡിമാന്റ് തുക = 262896 – 40776 = 222120

ആകെ കളക്ഷൻ തുക = 235154 ആയതിൽ 12528/- രൂപ അരിയർ ഹെഡിനു പകരം കറണ്ട് ഹെഡിലാണ് എടുത്തിട്ടുള്ളത്. കൂടാതെ 9 മാസത്തെ വാടക ഒരു രസീതിൽ (രസീത് നം. 1220205593 Dt. 23-12-2022) അടവാക്കിയ സമയത്ത് 495/- രൂപ അധികമായി അടച്ചിട്ടുള്ളതും, റൂം നമ്പർ 126 ൽ വാടകയിനത്തിൽ 11 രൂപ അധികമായും അടച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ശരിയായ കളക്ഷൻ തുക = 235154 – (12528 + 495 + 11) = 222120 ബാലൻസ് = 0 ക്ളറിക്കൽ മിസ്റ്റേക്കുകൾ വന്നതാണ് തുകകൾ പൊരുത്തപ്പെടാതെ വന്നതിനു കാരണമെന്നും, ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

വാടക, കുടിശ്ശിക എന്നിവ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ -SBI, ചെർപ്പുളശ്ശേരി ബ്രാഞ്ചിൽ 00000037114028492 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 4,58,854/-രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 23/19-10-2023)

## 1-17 അങ്കണവാടി സ്മാർട്ട് ആക്കൽ പദ്ധതി – ടി.വി വാങ്ങിയത് പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുന്നു

അങ്കണവാടി സ്മാർട്ട് ആക്കൽ പദ്ധതി എന്ന പേരിൽ 2022-23 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 71/23 | അങ്കണവാടി സ്മാർട്ട് ആക്കൽ - ജനറൽ (Spill Over) | 200000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം- 200000/- ) | 11299/- ബിൽനമ്പർ 11/08.03.2023 |

മേൽ പ്രോജക്ട് പ്രകാരം 137-ാം നമ്പർ അങ്കണവാടി സ്മാർട്ട് ആക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി അങ്കണവാടിയിലേക്ക് ഒരു LED ടി.വി ജെം മുഖേന (ഇൻവോയ്സ് നമ്പർ:80/EP/22-23 തീയതി :19/12 /2022) പർച്ചെയ്സ് നടത്തിയിട്ടുണ്ട്. എന്നാൽ ടി.വി സ്ഥാപിച്ച് കുട്ടികൾക്ക് വിനോദപ്രദമാകുന്ന വിധത്തിൽ ഉപകാരപ്രദമാക്കിയിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ടി.വി പ്രവർത്തനക്ഷമമാക്കാത്തതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/11.10.2023)ലഭ്യമാക്കിയ മറുപടിയിൽ ടി .വി അടുത്തുതന്നെ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്.

ടി.വി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

**1-18 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിവിധ ഫേസുകളിലായി ആകെ 106 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ 94 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | മുഹമ്മദാലി S/o ഉണ്ണിമുത്തു, കോരഞ്ചിറ,നെല്ലായ | 2020-21 | 397622 | 26.03.2021 |
| 2 | സുമതി D/oകോരൻ, മാരായമംഗലം,നെല്ലായ | 2020-21 | 340000 | 30.06.2023 |
| 3 | കുമാരൻ മാരായമംഗലം, നെല്ലായ | 2020-21 | 300000 | 08.10.2021 |
| 4 | കുട്ടൻ, കയ്യാലംകുന്നത്ത്, നെല്ലായ | 2020-21 | 340000 | 08.10.2021 |
| 5 | ചന്ദ്രൻ, | 2020-21 | 300000 | 08.10.2021 |

| | | | | |
|---|---|---|---|---|
| | കയ്യാലംകുന്നത്ത്, നെല്ലായ | | | |
| 6 | ലളിത W/o അയ്യപ്പൻ, മാരായമംഗലം, നെല്ലായ | 2020-21 | 340000 | 23.09.2021 |
| 7 | ലളിതW/o രാധാകൃഷ്ണൻ എഴുവന്തല,നെല്ലായ | 2020-21 | 360000 | 10.05.2023 |
| 8 | വള്ളി W/o രായിരൻ, എഴുവന്തല,നെല്ലായ | 2020-21 | 40000 | 16.07.2021 |
| 9 | രാമൻ എഴുവന്തല,നെല്ലായ | 2020-21 | 40000 | 16.07.2021 |
| 10 | ദീപ W/oചന്ദ്രപ്രകാശ്, മാരായമംഗലം,നെല്ലായ | 2020-21 | 200000 | 23.12.2022 |
| 11 | സജ്‌ന W/oമൊയ്തീൻകുട്ടി, മാരായമംഗലം,നെല്ലായ | 2021-22 | 350000 | 31.03.2022 |
| 12 | സരോജിനി W/oശിവശങ്കരൻ, പാലിത്തൊടി,നെല്ലായ | 2021-22 | 360000 | 18.03.2023 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/18.10.2023) മറുപടി ലഭ്യമാക്കിയില്ല.

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

**1-19 വിവിധ അംഗണവാടി കെട്ടിട നിർമ്മാണത്തിന് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

നെല്ലായ ഗ്രാമ പഞ്ചായത്തും, വനിതാ ശിശു വികസന വകുപ്പും , MGNREGS ഉം സംയുക്തമായി നടപ്പിലാക്കുന്ന വിവിധ അങ്കണവാടികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക്, സെക്രട്ടറി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | ബിൽ നം. | തുക (രൂപയിൽ) | അക്കൗണ്ട് നം |
|---|---|---|---|---|
| 1 | 301/23, 124ാം അങ്കണവാടി നിർമ്മാണം | 24/21-03-23 | 100000 | 799011400000486 |
| 2 | 311/23, | 26/18-03-23 | 100000 | 799011400000486 |

| | | | | |
|---|---|---|---|---|
| | 141 ാം അങ്കണവാടി നിർമ്മാണം | | | |
| 3 | 309/23, 126 ാം അങ്കണവാടി നിർമ്മാണം | 25/23, 18-03-23 | 300000 | 799011400000486 |
| 4 | 312/23, 143 ാം അങ്കണവാടി നിർമ്മാണം | 27/18-03-23 | 300000 | 799011400000486 |

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14 ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.8.2(2) പ്രകാരം എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ്, MGNREGS എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളും നിലവിലെ സ്ഥിതിയും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/13-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

അങ്കണവാടികളുടെ പണി പൂർത്തിയാവുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-20 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി - ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാരം എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 25/23 | അങ്കണവാടി കുട്ടികൾക്ക് പോഷകാഹാരം- ജനറൽ | 3150000/- (വികസന ഫണ്ട് പൊതു വിഭാഗം- 2650000/- + കേന്ദ്രാവിഷ്കൃത ഫണ്ട്- 500000/- ) | 2846678/- (വികസന ഫണ്ട് പൊതു വിഭാഗം- 2650000 /-+ കേന്ദ്രാവിഷ്കൃത ഫണ്ട്- 196678/-) |

മേൽ പ്രോജക്ടിന്റെ ഭാഗമായി അങ്കണവാടികളിലേക്കുള്ള വിവിധ ഭക്ഷ്യവസ്തുക്കൾ വാങ്ങിയിട്ടുണ്ട്. ആയതിൽ അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത് അമൃതം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ്, ചൂരക്കോട്,വല്ലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നാണ്. ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ചെലവുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (5% | ബിൽ നം. / തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | ജി.എസ്.ടി ഉൾപ്പെടെ) | |
| 1 | 14/05.12.2022 | 126910 | |
| 2 | 9/05.01.2023 | 109620 | 10/08.03.2023 |
| 3 | 15/10.02.2023 | 128625 | |

GST IN- 32AAXFA4891J1ZW

2017 ലെ സി.ജി.എസ്.ടി ആക്ട് / എസ്.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51 (1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു ചെയ്യാതെ മുഴുവൻ തുകയും നൽകിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/11.10.2023) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ജി.എസ്.ടി കുറവാക്കുന്നതാണ് എന്നാണ് അറിയിച്ചിരിക്കുന്നത്.

സ്ഥാപനത്തിന് തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-21 ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും പ്രവർത്തനക്ഷമമാക്കേണ്ടതാണ്**

ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും നിർമ്മിക്കുന്നതിനായി താഴെ പറയും പ്രകാരം പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്.

പ്രൊ.നം.SO.54/23-ടേക് എ ബ്രേക് - ടോയ് ലെറ്റ് സമുച്ചയം

അടങ്കൽ - 5000000 രൂപ (CFC - 2854100 + കേന്ദ്ര ഫണ്ട് - 1145900
+ ബ്ലോക്ക് വിഹിതം 1000000/-)

ചെലവ്-3943937/- (2799600/-CFC+144337+1000000)

കരാറുകാരൻ- എം.രവീന്ദ്രൻ (18.66% Below)

കരാർ-15/AE/NLY/LSGD/2022-23/dt.25-5-22

PAC-4353442/-

M.Book 56,57,63,64,65,66/2023

ഭരണാനുമതി- 4/1-17-11-2021

സാങ്കേതികാനുമതി-75462/21-22

ടെന്റർ അംഗീകരിച്ചത്-9/28-04-2022 നമ്പർ ഭരണസമിതി തീരുമാനം

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

16-10-2023 തീയ്യതിയിൽ സാങ്കേതിക വിദഗ്ധന്റെ സാന്നിധ്യത്തിൽ ഓഡിറ്റ് സ്ഥലം പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. ടോയ് ലെറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫിറ്റിംങ്ങുകൾ ഒന്നും ചെയ്തിട്ടില്ല. വൈദ്യുതീകരണം പ്ലംബിംങ് എന്നിവയും നടന്നിട്ടില്ല. ഫ്ലോറിംങ് പണിയും അവശേഷിക്കുന്നു.

അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്തുതീർക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ യാതൊരു പ്രവൃത്തിയും ചെയ്തുവരുന്നതായി കാണപ്പെട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ശൗചാലയ നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും പ്രവർത്തനക്ഷമമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 23/19-10-2023)

## 1-22 ആശ്രയ-നിഷ്ക്രിയമായി തുടരുന്ന തുക തിരികെ അടവാക്കിയിട്ടില്ല

ആശ്രയ രണ്ടാം ഘട്ടത്തിൽ ഭവന നിർമ്മാണത്തിനായി പ്രൊജക്റ്റ് നം.413/21, 18-08-2020 തീയ്യതിയിൽ ലഭ്യമായ 1200000/- രൂപയിൽ ബാക്കി 600000- രൂപ ആശ്രയ ബാങ്ക് അക്കൗണ്ട് നം 62720100001403(ബാങ്ക് ഓഫ് ബറോഡ) യിൽ അവശേഷിക്കുന്നുണ്ട്. ജമീല കോട്ടച്ചിറ എന്ന ഗുണഭോക്താവ് നാല് ലക്ഷം രൂപ കൈപ്പറ്റുകയും വീട് പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആസ്യ , വാർഡ് 8 എന്ന ഗുണഭോക്താവ് രണ്ട് ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. (16-02-23, 40000/-, 28-03-23, 1,60000/-)

നിഷ്ക്രിയമായി തുടരുന്ന ബാക്കി തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 18/19-10-2023)

## 1-23 പെൻഷൻ അപാകതകൾ

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ആഗസ്റ്റ് മാസത്തെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു. സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ സാമൂഹ്യ ക്ഷേമപെൻഷനുകൾ ബാങ്ക് അക്കൗണ്ട് വഴിയും നേരിട്ട് വീട്ടിലേക്കും നൽകുന്നതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | ബാങ്ക് മുഖേന | നേരിട്ട് വീടുകളിലേക്ക് |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 25 | 203 |
| വാർദ്ധക്യകാല പെൻഷൻ | 630 | 2680 |
| വികലാംഗ പെൻഷൻ | 154 | 450 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 89 |
| വിധവാ പെൻഷൻ | 295 | 1159 |
| ആകെ | 1126 | 4581 |

1126 പേർക്ക് ബാങ്ക് അക്കൗണ്ട് വഴിയും, 4581 പേർക്ക് വീടുകളിലെത്തി നേരിട്ടുമാണ് പെൻഷൻ വിതരണം ചെയ്യുന്നത് .

**1.ബിൽ ഡിസ്ക്രിപൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല**

2023 ഓഗസ്റ്റ് മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 64 പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഇതിലുൾപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ

പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിഞ്ഞിട്ടില്ല എന്നാണ് കാണുന്നത്. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്നും കണ്ടെത്തി. 30.09.2023 ന് പെൻഷൻ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| പെൻഷൻ ഇനം | പെൻഷൻ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 14 |
| വാർദ്ധക്യകാല പെൻഷൻ | 291 |
| വികലാംഗ പെൻഷൻ | 45 |
| വിധവാ പെൻഷൻ | 6 |
| ആകെ | 356 |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്. അനർഹരായവരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കി വരുന്നുണ്ടെന്നും, പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ സൂക്ഷിക്കുന്ന രേഖകൾ /രജിസ്റ്റർ വരും വർഷങ്ങളിൽ സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ-17/18-10-2023) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-24 സമഗ്ര മാലിന്യ നിർമ്മാർജ്ജനം - പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കേണ്ടതാണ്

2022-23 വർഷം ഗ്രാമ പഞ്ചായത്തിൽ സമഗ്ര മാലിന്യ നിർമ്മാർജ്ജനം എന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട്- നം | 237/23 |
| പ്രൊജക്ടിന്റെ പേര് | സമഗ്ര മാലിന്യ നിർമ്മാർജ്ജനം |
| അടങ്കൽ | ₹2291495/- (ധനകാര്യ കമ്മീഷൻ ഗ്രാൻറ് 1921495 +കേന്ദ്രാവിഷ്കൃത ഫണ്ട്350000+തനത്ഫണ്ട് 2000) |
| ചെലവ് | ₹509099/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ബിൽ നം | 7/27.10.2022<br>8/27.10.2022 |

| | |
|---|---|
| | 9/27.10.2022<br>36/13.02.2023<br>54/27.03.2023 |

വേസ്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി സർവ്വീസ് ചാർജിനത്തിൽ IRTC മുണ്ടൂരിന് 390168/- രൂപ നൽകിയിട്ടുണ്ട്. പ്രതിമാസം 21757/- രൂപയാണ് കരാർ പ്രകാരമുള്ള കൺസൾട്ടേഷൻ ഫീസ്. എന്നാൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട സെഗ്രിഗേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. നിലവിൽ ഹരിത കർമ്മസേന കളക്ട് ചെയ്ത മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിനുള്ളിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. IRTC യുടെ ഹരിതസഹായ സ്ഥാപനവും ഗ്രാമപഞ്ചായത്തും ചേർന്ന് നടത്തുന്ന തുടർ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/19.10.2023) മറുപടി നൽകിയില്ല.

IRTC യുടെ ഹരിതസഹായ സ്ഥാപനവും ഗ്രാമപഞ്ചായത്തും ചേർന്ന് നടത്തുന്ന തുടർ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-25 അടുക്കള മുറ്റത്ത് കോഴി വളർത്തൽ പദ്ധതി - മോണിറ്ററിംഗ് നടത്തിയിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തിൽ വനിതകൾക്ക് **അടുക്കള മുറ്റത്ത് കോഴി വളർത്തൽ** എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 319/23 | അടുക്കള മുറ്റത്ത് കോഴി വളർത്തൽ വനിത - ജനറൽ | 1200000/- (വികസന ഫണ്ട് പൊതു വിഭാഗം ) | 660600/- ബിൽ നമ്പർ/തീയതി 8/22.03.2023 |

മേൽ പ്രോജക്ടിന്റെ ഭാഗമായി 5505 കോഴിക്കുഞ്ഞുങ്ങളെ വെഞ്ഞാറമൂട് **ഉത്രാടം എഗ്ഗർ നഴ്സറി** യിൽ നിന്ന് വാങ്ങുകയും ഒരു വനിതയ്ക്ക് 15 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

*കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയതിനുശേഷം തുടർ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയ വിശദാംശങ്ങൾ

*കോഴിക്കൂട് നിർമ്മാണം സംബന്ധിച്ച് വാല്യുവേഷൻ/സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയർ /ഓവർസിയർ നൽകിയിട്ടില്ല

(G.O(P) നം.128/96/കൃഷി തിയ്യതി 4.3.1996 ഉത്തരവ് കാണുക)

മേൽ സൂചിപ്പിച്ച അപാകങ്ങൾക്കുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/19.10.2023) മറുപടി നൽകിയില്ല.

പദ്ധതി മാർഗ്ഗരേഖ പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്തിയതിനുശേഷം തുടർ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-26 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതി - മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചു**

2022-23 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഞങ്ങളും

കൃഷിയിലേക്ക് എന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 128/23 | ഞങ്ങളും കൃഷിയിലേക്ക് | 93000/- (വികസന ഫണ്ട് പൊതു വിഭാഗം) | 93000/- ബിൽ നമ്പർ/തീയതി:14 /28.02.2023 |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷി നടത്തുന്നതിനായി പോട്ടിംഗ് മിശ്രിതവും തൈയും ഉൾപ്പെടെ 31 യൂണിറ്റ് ചെടി ചട്ടികൾ (മൺ) വിതരണം നടത്തിയിട്ടുണ്ട്. യൂണിറ്റിന് 3000/- രൂപ നിരക്കിൽ 93000/- രൂപയ്ക്കാണ് വല്ലപ്പുഴ കാർഷിക കർമ്മസേനയിൽ നിന്നും ചെടി ചട്ടികൾ വാങ്ങിയിരിക്കുന്നത്.

എന്നാൽ യൂണിറ്റിന് 2000/- രൂപ നിരക്കിൽ 75% സബ്സിഡി ഉൾപ്പെടെയാണ് പദ്ധതി നിർവ്വഹണം നടത്തേണ്ടത് എന്നാണ് സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി യൂണിറ്റിന് 3000/- രൂപ നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/19.10.2023) മറുപടി നൽകിയില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയിൽ നിന്നു വ്യത്യസ്തമായി മേൽ സൂചിപിച്ച പദ്ധതി നിർവ്വഹണം നടത്താനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-27 തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ചെലവുകളുടെ രേഖകൾ പരിശോധിച്ചതിൻ മേലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു

**തെരുവു വിളക്കുകളുടെ കണക്ക്, വൈദ്യുതി ചാർജ്**

വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പേങ്ങാട്ടിരി, എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ 12,84061 രൂപ അടവാക്കിയിട്ടുണ്ട്.

**തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്**

സാധന സാമഗ്രികൾ വാങ്ങുവാനും, അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 262/23 | 49450 | വികസനം |
| 2 | 264/23 | 49450 | വികസനം |
| 3 | 272/23 | 59800 | വികസനം |
| 4 | 103/23 | 299500 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 5 | 183/23 | 99400 | തനത് |
| 6 | 184/23 | 99400 | തനത് |
| | ആകെ | 657000 | |

ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ ഇല്ല.

പേങ്ങാട്ടിരി, വല്ലപ്പുഴ എന്നീ രണ്ട് ഇലക്ട്രിക് സെക്ഷനുകളിലായാണ് പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ്ജ് അടവാക്കുന്നത്. രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് നിലവില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന് തെരുവുവിളക്ക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കെ എസ് സി ബി യുമായി സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള (13/13-10-2023 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എല്ലാ വാർഡിലുമുള്ള തെരുവുവിളക്കുകൾ ഘട്ടം ഘട്ടമായി മീറ്ററിംങ് ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്

3. സംയുക്ത പരിശോധന

തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് പഞ്ചായത്ത് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല

തെരുവു വിളക്കുകളുടെ കണക്ക് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-28 വനിതകളുടെ ജിംനേഷ്യം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല**

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | 338/23 വനിത ജിംനേഷ്യം |
| അടങ്കൽ | 500000-രൂപ -പ്ലാൻ-ജനറൽ |
| ചെലവ് | 500000-രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ | 29/31-03-2023 |

വനിത ജിംനേഷ്യം എന്ന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുന്നതിനു വേണ്ടി അഞ്ച് ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന് ( A/c No- 799011400002200) കൈമാറിയിട്ടുണ്ട് . നെല്ലായ പേങ്ങാട്ടിരി സെന്ററിലുള്ള പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലുള്ള IX/108,109 മുറികളിൽ ജിംനേഷ്യത്തിനു ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും സ്ഥാപനത്തിലേക്ക് ഒരു വനിതാ ട്രെയിനറെ നിയമിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ച വരികയാണെന്നും പദ്ധതി പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ-8/13-10-2023)മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം പൂർത്തീകരിക്കേണ്ടതുമാണ്.

**1-29 എ.ബി.സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്ട് | 248/23, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം |
| അടങ്കൽ | ₹300000 തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹300000 |
| സാങ്ങഷൻ നം./തീയതി | 165/04-01-23 |
| നിർവ്വഹണം | സെക്രട്ടറി |

തെരുവുനായകളുടെ പ്രജനന നിയന്ത്രണം പ്രോഗ്രാമിനുള്ള വിഹിതമായി 300000രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (നം. 799011400002200) കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 6/13-10-23 നുള്ള മറുപടിയിൽ ജില്ലാ പഞ്ചായത്തിനു കൈമാറിയ തുക എ ബി സി പദ്ധതിക്ക് പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലായെന്നും ആയത് പൂർണ്ണമായി വിനിയോഗിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുക ചെലവഴിക്കാത്തപക്ഷം തിരികെ ലഭ്യമാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 10-10-23 മുതൽ 19-10-23 | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അവസാന ഭാഗത്ത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2022-23 | 60000 | പയർ കൃഷി | 60000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വികസനം | | |
| | 2022-23 | 500030 | നെല്ല് കൃഷി വികസനം | 500030 | 0 |
| | 2022-23 | 1760000 | ലൈഫ് ഭവനം | 1760000 | 0 |
| | 2022-23 | 600000 | ഭിന്നശേഷിക്കാർക്ക് ധനസഹായം | 600000 | 0 |
| വിഹിതം | 2022-23 | 125000 | ക്ഷീര കർഷകർക്ക് പാലിനി ഇൻസെന്റീവ് | 125000 | 0 |
| | 2022-23 | 500000 | **പൊട്ടിയേക്കര റോഡ്** | 217959 | 282041 |
| | 2022-23 | 1000000 | ടേക്ക് എ ബ്രേക്ക് | 1000000 | 0 |
| | 2022-23 | 719368 | നെല്ല് കൃഷി വികസനം | 719368 | 0 |
| | 2022-23 | 200000 | ഭിന്നശേഷിക്കാർക്ക് ധനസഹായം | 200000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ക്ഷീര കർഷകർക്ക് പാലിനി ഇൻസെന്റീവ് | 100000 | |
| | 2022-23 | 100000 | ഇരുമ്പിലാശ്ശേരി റോഡ് | 580473 | 419527 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പ്രകാരം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ - ഭവന | GO(MS)No.68/2018. LSGD/Dt.18.5.2018 | 0 | 71,12,000 | 71,12,000 | 1264857 | | 5847143 |

| | | | | | | | |
|---|---|---|---|---|---|---|---|
| നിർമ്മാണം | | | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 LF-P7-47/99/ 6-7-1999 | ഖ-24(i) | 1999-00 | IV.9.47 | കുഴൽ നിർമ്മാണം നടന്നില്ല | തീർപ്പാക്കി |
| | പ്രത്യേക റിപ്പോർട്ട് | 2013-14 | 5.1 | കുടിവെള്ള പദ്ധതികളുടെ സംരക്ഷണം | കെ.എസ് . എ-പി.കെ.ഡി 662/23 തി.28-04-23 പ്രകാരം ഹെഡ് ഓഫീസിലേക്ക് എം.ഐ.പി അയച്ചുകൊടുത്തിട്ടുണ്ട് . |
| | പ്രത്യേക റിപ്പോർട്ട് | 2016-17 | 3 | പൊതു വിഷയങ്ങൾ ( അനുബന്ധം 3 )- വസ്തു നികുതി 2014-15 | |
| | പ്രത്യേക റിപ്പോർട്ട് | 2016-17 | 4 | തൊഴിൽ നികുതി-അവലോകനം അനുബന്ധം 4 – | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | തൊഴിൽ നികുതി 2014-15 | |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഒന്നുമില്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 85430331 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53231145 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSA PKD 16/1230/22/01-12-2022 | 1 |
| 1999-00 | KSA PKD 16/1230/22/01-12-2022 | 2 |
| 2000-01 | KSA PKD 16/1230/22/01-12-2022 | Report Closed |
| 2001-02 | KSA PKD 16/1230/22/01-12-2022 | 2 |
| 2002-03 | KSA PKD 16/1230/22/01-12-2022 | 2 |
| 2003-04 | KSA PKD 16/1230/22/01-12-2022 | 6 |
| 2004-05 | KSA PKD 16/1230/22/01-12-2022 | 5 |
| 2005-06 | KSA PKD 16/1230/22/01-12-2022 | 8 |
| 2006-07 | KSA PKD 16/1230/22/01-12-2022 | 8 |
| 2007-08 | KSA PKD 16/1230/22/01-12-2022 | 9 |
| 2008-09<br>2009-10<br>2010-11 | KSA PKD 16/1230/22/01-12-2022 | 12 |
| 2011-12 | KSA PKD 16/1230/22/01-12-2022 | 5 |
| 2012-13<br>2013-14 | KSA PKD 16/1230/22/01-12-2022 | 15 |
| 2014-15 | KSA PKD 16/1230/22/01-12-2022 | 3 |
| 2015-16 | KSA PKD 16/1230/22/01-12-2022 | 5 |
| 2016-17 | KSA PKD 16/1230/22/01-12-2022 | 5 |
| 2017-18 | KSA PKD 16/1230/22/01-12-2022 | 3 |
| 2018-19 | നമ്പർ കെ.എസ്.എ-പികെഡി-16-1276/2019 തി.1.11.2019 | 3 |
| 2019-20 | നമ്പർ കെ.എസ്.എ-പികെഡി-16-1003/ 2022 തീയതി 21/07/2022 | 20 |
| 2020-21 | നമ്പർ കെ.എസ്.എ-പികെഡി-16-1004/ 2022 തീയതി 21/07/2022 | 25 |
| 2021-22 | നമ്പർ കെ.എസ്.എ-പികെഡി-16-564-2023, 18-04-2023 | 21 |

തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 11 dated 26-06-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nellaya Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nellaya Grama Panchayat for the year 2022-2023

**Date: 04/12/2023**

**Deputy Director**
**District Office Palakkad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Nellaya Grama Panchayat for the Year 2022-2023 .

**1.Major Observations**

1)Asset register not updated and linked to ILGMS.
2) Net increase in cash flow not in accordance with the difference between the O.B. and C.B. of cash and cash equivalents.
3) The following mandatory financial statements such as ratios and notes to accounts prescribed in accounting rules are not submitted for audit

**2.Other Observations**

1)Permit register is not maintained properly and Abstract Of the same is not closed and attested by the Secretary.

2)NREGS Admin Income and Expenses under AFS and EFMS+Admin

Expenses under I-6 are incorrectly recorded
3) Deposit register is not maintained properly and is not closed and signed by the Secretary.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ സംക്ഷിപ്തം

### 1) INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 6131418.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 262896.00 |
| 140000000 | Fee & User Charges | I-4 | 830333.00 |
| 150000000 | Sale & Hire Charges | I-5 | 65052.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 151680802.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 512208.00 |
| 180000000 | Other Income | I-9 | 958.00 |
| 190000000 | Prior Period Income | I-19 | 905152.00 |
| | Total Income | | 159483667.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10413825.00 |
| 220000000 | Administrative Expenses | I-11 | 1193323.00 |
| 230000000 | Operations & Maintenance | I-12 | 1649511.00 |
| 240000000 | Interest & Finance Charges | I-13 | 7760.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 10942648.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 34401476.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10004987.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19422073.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 61543750.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1486253.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 6557456.00 |
| | Total Expenditure | | 157623062.00 |
| | Gross Surplus / Deficit of income over Expenditure | | 1860605.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | 2209769.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 555988.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 349164.00 |

**2) RECEIPT & PAYMENT STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 24412123.00 |
| Cash | Cash | RP-40(a) | 240172.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 785400.00 |
| 140000000 | Fees & User Charges | RP-4 | 712894.00 |
| 150000000 | Sale & Hire Charges | RP-5 | 65052.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 18094000.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 512208.00 |
| 190000000 | Prior Period Income | RP-11 | 905152.00 |
| 230000000 | Operations & Maintenance | RP-14 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 7612.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16298537.00 |
| 341000000 | Deposit Works | RP-34 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-45 | 22785152.00 |
| 460000000 | Loans, Advances and Deposits | RP-49 | 4500.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 958.00 |
| 340000000 | Deposits Received | RP-33 | 40649.00 |
| 350000000 | Other Liabilities | RP-35 | 565922.00 |
| | Grand total | | 85430331.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 4829.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 30000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 7982.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 20573339.00 |
| 460000000 | Loans, Advances and Deposits | RP-49 | 120450.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 98476.00 |
| 350000000 | Other Liabilities | RP-35 | 32396069.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 32148477.00 |
| Cash | Cash | RP-40(b) | 50709.00 |
| | Grand Total | | 85430331.00 |

**3)BALANCE SHEET As on 31-March-2023**

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 35629135.75 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3970.00 |
| 312000000 | Reserves | B-3 | 65498714.00 |
| | Total Reserve & Surplus | | 101131819.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15328882.00 |
| | Total Grants, Contributions for Specific Purposes | | 15328882.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5847143.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 5847143.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 404383.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1987816.25 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2392199.25 |
| | TOTAL LIABILITIES | | 124700044.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 813330.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital | B11-(c) | 1350000.00 |

| | | | |
|---|---|---|---|
| | Expences (Productive Sector) | | |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18017301.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 66278967.00 |
| 416000000 | Accumulated Depreciation | B-11(a) | -23589666.00 |
| | Total Fixed Assets | | 62869932.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 21172196.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 5847143.00 |
| 450000000 | Cash and Bank Balance | B-17 | 32199186.00 |
| 460000000 | Loans, Advances and Deposits | B-18 | 2611587.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 61830112.00 |

| | | | |
|---|---|---|---|
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 124700044.00 |

**DEPUTY DIRECTOR**